ഉത്തരം

(എ) നിലവിലുള്ള നിയമങ്ങൾ ഹൈക്കോടതി സ്റ്റേ ചെയ്തെങ്കിലും സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

(ബി) ഈ നിയമങ്ങൾ ഇപ്പോൾ സുപ്രീംകോടതിയുടെ പരിഗണനയിലാണ്. വിധി പ്രസ്താവിച്ചതിനുശേഷം തുടർനടപടികൾ ആവശ്യമെങ്കിൽ എടുക്കുന്നതാണ്.

അട്ടപ്പാടിയിലെ ആദിവാസി കുടുംബങ്ങൾ

152 (2431) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടി മേഖലയിൽ ആദിവാസി കുടുംബങ്ങൾ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ കുടുംബങ്ങളിലായി എത്ര അംഗങ്ങൾ ഉണ്ട് ;

(സി) ഈ മേഖലയിൽ സ്വന്തമായി വീടുള്ളവർ എത്രയുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2003-ലെ സാക്ഷരതാ പരിപാടിക്കുവേണ്ടി എടുത്ത കണക്കുപ്രകാരം 8534.

(ബി) 34,134.

(സി) 4969.

പട്ടികവർഗ്ഗക്കാർക്ക് ഭൂമി നല്കുന്നതിന് പുതിയ നിയമനിർമ്മാണം

153 (2432) ശ്രീ. വി. ബാലറാം :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗക്കാർക്ക് ഭൂമി നല്കുന്നതിനുവേണ്ടി പുതിയ നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ അതിനുള്ള സാഹചര്യമെന്തെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly